# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.844 11.03.2015-ൽ മറുപടിക്ക്**

## റാന്നി നിയോജക മണ്ഡലത്തിലെ വഞ്ചികപ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) എൽ.എ.സി -എ.ഡി.എഫ് പദ്ധതിയിലുൾ പ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിൽ കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്തിലെ വഞ്ചികപ്പാറ കേന്ദ്രീകരിച്ച് ഒരു കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് എന്നാണ് എം.എൽ.എ പ്രൊപ്പോസൽ നൽകിയത്; ഈ പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയത്; | (എ) 07.12.2012 ലാണ് എം.എൽ.എ പ്രൊപ്പോസൽ നൽകിയത്.<br><br>01.11.2014 ൽ ഭരണാനുമതി നൽകി. |
| ബി) പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യുന്നതിന് എന്തൊക്കെ നടപടി കളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കുമോ; | (ബി) സാങ്കേതികാനുമതി നൽകിയിട്ടില്ല. ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതാണ്. |
| സി) ഈ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) പഞ്ചായത്തിൽ നിന്നും ജല അതോറിട്ടിക്ക് സ്ഥലം കൈമാറിയ ശേഷം എസ്റ്റി മേറ്റ് വീണ്ടും തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ